## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 13.08.2025 മുതൽ 17.08.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 32/2025 (64) ചൊവ്വാഴ്ച | തീയ്യതി 12/08/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 13.08.2025 | 14.08.2025 | 15.08.2025 | 16.08.2025 | 17.08.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 4 | 5 | 5 | 6 | 3 |
| ഉയർന്ന താപനില (°C) | 29 | 29 | 29 | 29 | 29 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 93 | 93 | 93 | 93 | 93 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 78 | 78 | 78 | 78 | 78 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 8 | 6 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 320 | 290 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം നേരിയ തോതിൽ മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതുനിർദേശങ്ങൾ:-.കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) കതിരു വരുന്ന പരുവം | നെല്ലി കോഴി | നെല്ലിക്കോഴിയുടെ ആക്രമണം ചെറുക്കുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കേണ്ടതാണ്. വലകൾ, റിഫ്ലക്റ്റീവ് റിബണുകൾ എന്നിവ ഉപയോഗിച്ചും നെൽച്ചെടിയുടെ മുകളിലായി കയറുകൾ നിശ്ചിത അകലത്തിൽ സമാന്തരമായി കെട്ടുന്നതും നീലക്കോഴികളെ ഒരു പരിധി വരെ അകറ്റി നിർത്താൻ സഹായിക്കുന്നു. |
| തെങ്ങ് | പരിപാലനം | മഴക്കാലത്ത് തടം തുറന്ന് ഓരോ വലിയ തെങ്ങിനും 25 കി.ഗ്രാം. മുതൽ 50 കി.ഗ്രാം. വരെ ജൈവവളം ഇട്ടു കൊടുക്കാവുന്നതാണ്. തടത്തിൽ വെള്ളക്കെട്ടുണ്ടാകാതെ ജലനിർഗമന മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്. |
| പച്ചക്കറികൾ | ഇലപ്പേനുകൾ (നഴ്സറിയിൽ) | തുടക്കത്തിൽ തന്നെ ലെക്കനിസീലിയം (വെർട്ടിസീലിയം) 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ തളിക്കുക. നീലാ പശകെണി ഉപയോഗിക്കാം. കീടബാധയുള്ള തൈകളിൽ തയാക്ലോപ്രൈഡ് 21.7 SC 4.5 മി.ലി. 10 ലിറ്റർ വെള്ളത്തിലെന്ന തോതിൽ തളിക്കാം. |

മത്സ്യകൃഷി:- മത്സ്യക്കുളങ്ങളിലെ വെള്ളത്തിൻറെ ഗുണനിലവാര പരിശോധനയ്ക്കുള്ള സൗകര്യം വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ്.